(തുക കോടിയിൽ)

പദ്ധതി ധനസഹായം

	2011-12	2012-13	2013-14	2014-15	2015-16
സംസ്ഥാനം പ്രതീക്ഷിച്ച തുക	1855.80	2217.59	2457.55	2730.42	53.65
സംസ്ഥാനത്തിന് ലഭിച്ച തുക	1380.17	1269.79	1154.23	2050.34	-
വർദ്ധനനിരക്ക് ശതമാനം	48	-8%	-9%	78%	-

സഞ്ചിതനിധിയിൽനിന്നും പിൻവലിച്ച തുകകൾ

133 (105) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും, സാമ്പത്തിക വർഷത്തിന്റെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമായിരുന്നു;

(ബി) പ്രസ്തുത തുക അതാത് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുകയുടെ എത്ര ശതമാനം വീതമായിരുന്നു;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിൽ പിൻവലിച്ച തുകകൾ, ട്രഷറി സേവിംങ്ങ് ബാങ്ക് അക്കൗണ്ടുകളിലോ,മറ്റ് ബാങ്ക് അക്കൗണ്ടുകളിലോ നിലനിർത്തുകയായിരുന്നുവോ;എങ്കിൽ, ഓരോ വർഷവും അത് എത്ര കോടി വീതമായിരുന്നു?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	അക്കൗണ്ടന്റ് ജനറലിന്റെ തനി കണക്കുകൾ പ്രകാരം മാർച്ച് മാസത്തിൽ സഞ്ചിത നിധിയിലെ ചെലവ് (തുക കോടിയിൽ)
2011-12	8941.78
2012-13	11260.75
2013-14	10407.59
2014-15	10960.42

(ബി)

വർഷം	സഞ്ചിതനിധിയിൽ നിന്നും മാർച്ച് മാസം ചെലവഴിച്ച പദ്ധതി തുക മൊത്തം പദ്ധതി വിഹിതത്തിന്റെ ശതമാനത്തിൽ
2011-12	38%
2012-13	37%
2013-14	24%
2014-15	19%

(സി) വിവരം ശേഖരിച്ചുവരുന്നു.

ധനമുഖ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും ചെലവഴിച്ച തുകയും

134 (106) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ധനമുഖ വകുപ്പ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്രയാണ്; അവ ഏതൊക്കെ; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ധനമുഖ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതിതുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര:

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly